"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ഡിജിറ്റൽ സിഗ്നേച്ചർ നടത്തിയിട്ടില്ലാത്ത കാരണത്താൽ എഴുപുന്ന ഗ്രാമപഞ്ചായത്തിൽ 2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ(എസ് എഫ് സി - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7017/2025/FIN തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-

1. സ.ഉ (എം എസ്) നം.16/2021/ധന തീയതി: 03/02/2021
2. സ.ഉ(സാധാ) നം.2456/2020/ധന തീയതി: 24/03/2020
3. സ.ഉ (സാധാ) നം.4325/2020/ധന തീയതി: 24/07/2020
4. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ(റൂറൽ)-ന്റെ 20/08/2025 തീയതിയിലെ LSGD/PD/11114/2025-SSP2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുക പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. എഴുപുന്ന ഗ്രാമപഞ്ചായത്തിലെ 100 ഗുണഭോക്താക്കൾക്ക് ഡിജിറ്റൽ സിഗ്നേച്ചർ നടത്തിയിട്ടില്ലാത്തത് കാരണം 2019 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമായിട്ടില്ലെന്നും ആയത് വിതരണം ചെയ്യുന്നതിനായി ₹2,40,000/- ആവശ്യമാണെന്നും എൽ എസ് ജി ഡി ഡയറക്ടർ(റൂറൽ) പരാമർശം (4) പ്രകാരം അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിജിറ്റൽ സിഗ്നേച്ചർ നടത്തിയിട്ടില്ലാത്തത് കാരണം 2019 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ എഴുപുന്ന ഗ്രാമപഞ്ചായത്തിലെ 100 ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിലേക്കായി ₹2,40,000/- (രണ്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. 100 ഗുണഭോക്താക്കൾക്ക് (ബാങ്ക് 54 + ഡി.ടു.എച്ച് 46) സാമൂഹ്യ സുരക്ഷാ പെൻഷൻ

നല്കുന്നതിന് ആവശ്യമായ തുകയായ ₹2,40,000/-ൽ (രണ്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ ₹1,29,600/- (ഒരു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ (റൂറൽ)-ന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ:67234515304 (IFS Code : SBIN0070028)), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ ₹1,10,400/- (ഒരു ലക്ഷത്തി പതിനായിരത്തി നാന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ: 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു.

3. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 110110801000251 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

സ്വീകർത്താക്കൾ:
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (എഫ്.എം ) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
(ഫയൽ നം.2239234 എസ് എഫ് സി ബി1/332/2022/ധന)

ഉത്തരവിൻ പ്രകാരം
**Signed by Mini B S**
**Date: 30-08-2025 14:24:31**
സെക്ഷൻ ഓഫീസർ